കാര്യം അന്വേഷിക്കാനും അടിയന്തിര സ്വഭാവത്തോടുകൂടിയുള്ളത് അറിയിക്കാനുമൊക്കെയാണല്ലോ ചുമതലപ്പെടുത്തിയിരിക്കുന്നത്. അവരുടെ ജോലി എന്താണ്? അവരുടെ ഈ കാര്യങ്ങളിലെല്ലാമുള്ള വീഴ്ചകളും ഗൗരവതരമല്ലേ? അത്തരക്കാരെ വിജിലൻറാക്കാനുള്ള ചുമതല ഗവൺമെൻറ് നിറവേറ്റിയതിനു ശേഷം ഗ്രാമസഭ, ഗ്രാമസഭ എന്നു പറയുന്നതല്ലേ നല്ലത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുമെല്ലാമുള്ള പണത്തിൻെറ മൂന്നര, നാലര ശതമാനം വെട്ടിക്കുറച്ചിരിക്കുന്ന സാഹചര്യത്തിൽ, ഈ ഗ്രാമസഭകൊണ്ടെല്ലാം ഈ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയും എന്നുള്ളതു ഞങ്ങളെ സംബന്ധിച്ചിടത്തോളം സംശയമുള്ള കാര്യം തന്നെയാണ്. ഏതായാലും ഗ്രാമസഭകൾ മനുഷ്യത്വ സ്വഭാവത്തോടുകൂടി, ഊർജ്ജസ്വലമായ നിലയിൽ പ്രവർത്തിക്കണമെന്നുള്ള അങ്ങയുടെ അഭിപ്രായത്തോടു യോജിക്കുകയാണ്. പക്ഷെ ട്രൈബൽ ഉദ്യോഗസ്ഥൻമാർ അവരുടെ ചുമതല നിറവേറ്റണ്ടേ? അക്കാര്യത്തെക്കുറിച്ചു ഗവൺമെൻറിന് ജാഗ്രത ഉണ്ടാകണം. അതുപോലെതന്നെ വെളുക്കൻ ചാമുവിൻെറ കുടുംബത്തിന് ഈ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ പോകുന്നത്? അതു സംബന്ധിച്ച് മുഖ്യമന്ത്രി ഒന്നു വ്യക്തമാക്കിയാൽ തരക്കേടില്ല എന്നാണ് എനിക്കു പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ നിർദ്ദേശം ഗവൺമെൻറ് അംഗീകരിക്കുന്നു. കടത്തിൻെറ കാര്യം സ്പെസിഫിക്കായിട്ട് പറഞ്ഞതുകൊണ്ട് അതു എഴുതിത്തള്ളുമെന്ന് പറഞ്ഞു. ആ കുടുംബത്തെ സഹായിക്കുന്ന കാര്യവും പരിഗണിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. തീർച്ചയായും അതു പരിഗണിക്കും. മന്ത്രി അവിടെ പോയി അവിടത്തെ സാഹചര്യങ്ങൾ മനസ്സിലാക്കിയതിനുശേഷം അതു സംബന്ധിച്ചുള്ള തീരുമാനമെടുക്കും. ട്രൈബൽ ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഉത്തരവാദിത്വത്തിൽ നിന്നും പുറകോട്ടു പോകാൻ കഴിയില്ല. അവർ അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചേ പറ്റൂ. ഞാൻ ഗ്രാമസഭകളുടെ കാര്യം പറഞ്ഞത്, ആദിവാസികളുടെ പ്രശ്നം കൊണ്ടുമാത്രമല്ല. ഇന്നു നമ്മുടെ സമൂഹത്തിൽ വേദനിപ്പിക്കുന്ന പല സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. ആളുകൾ പരസ്പരം കാര്യങ്ങൾ അറിഞ്ഞാൽ അതു ഒഴിവാക്കാൻ പറ്റുന്നതാണ്. ആത്മഹത്യ, പട്ടിണിമരണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ, അതെല്ലാം ഗ്രാമസഭകൾക്ക് പരിഹരിക്കാൻ പറ്റുമെന്നല്ല ഞാൻ പറഞ്ഞത്. അതെല്ലാം ശ്രദ്ധയിൽപ്പെടുത്തുക. അതിനു പരിഹാരം ഉണ്ടാക്കാൻവേണ്ടി ശ്രമിക്കുക. അതു മാത്രമാണ് ഞാൻ ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ തീർക്കാൻ കഴിയുന്ന കാര്യങ്ങൾ അവിടെ തീർക്കുക. നിശ്ചയമായും താങ്കൾ പറഞ്ഞ ഈ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

III. ശ്രദ്ധക്ഷണിക്കൽ

(1) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡും ഹൗസിംഗ് സൊസൈറ്റികളും ഭവന നിർമ്മാണ വായ്പകൾക്ക് അന്യായമായ പലിശ ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്ജ്: സർ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ഹൗസിംഗ് സൊസൈറ്റി ഇവ സംസ്ഥാനത്തെ പാവപ്പെട്ടവർക്കും മദ്ധ്യവർഗ്ഗക്കാർക്കും സമ്പത്തുള്ളവർക്കുമൊക്കെ വീടു വയ്ക്കാൻ പണം

LIBRARY ARCHIVES Kerala Legislative Assembly

കടം കൊടുക്കുന്ന സ്ഥാപനങ്ങളാണ്. ഇപ്പോഴും ഹൗസിംഗ് സൊസൈറ്റികളും ഹൗസിംഗ് ബോർഡും ചേർന്നുകൊണ്ട് കടം എടുത്തവരെ ആത്മഹത്യയിലേക്ക് നയിക്കുന്ന നിലയിലാണ് കാര്യങ്ങളും നീക്കുന്നത്. ദേശസാൽകൃത ബാങ്കുകളിൽ വീടു വയ്ക്കുന്നതിന് കൊടുക്കുന്ന വായ്പകൾക്കുള്ള പലിശനിരക്ക് 7.50 ശതമാനമാണ്. ഇവിടെ ഹൗസിംഗ് ബോർഡിന്റെ പലിശയെക്കുറിച്ചു കേൾക്കുമ്പോൾ മാത്രമേ അതിന്റെ അർത്ഥം മനസ്സിലാകൂ. ഒരു ലക്ഷത്തിനു മുകളിൽ കടം എടുത്താൽ, പത്തൊൻപതര ശതമാനം പലിശയാണ് ഈടാക്കുന്നത്. ഏതെങ്കിലും കാരണവശാൽ ഗഡുക്കളിൽ മുടക്കം വന്നാൽ, മുടക്ക പലിശയായി പത്തൊൻപതര ശതമാനം കൂടി എടുക്കും. അത് കഴിഞ്ഞ് പിന്നെയും ഒരു പലിശ, പിഴപ്പലിശ, അതു രണ്ടര ശതമാനമാണ്. അങ്ങനെ വരുമ്പോൾ ഒരു ലക്ഷത്തിനു മുകളിൽ കടമെടുത്ത ഒരു വ്യക്തി കൊടുക്കേണ്ടിവരുന്ന പലിശ നാലപ്പത്തി ഒന്നര ശതമാനമാണ്. ഒരു ലക്ഷം രൂപ വരെ കടമെടുത്താൽ പതിനെട്ടര ശതമാനമാണ് പലിശ. അത് ഒരു ഗഡു മുടക്കിയാൽ മുടക്കപ്പലിശ പതിനെട്ടര ശതമാനം കൊടുക്കണം. അതോടൊപ്പം രണ്ടര ശതമാനം പിഴപ്പലിശ കൂടി വരും. അങ്ങനെ വരുമ്പോൾ മുപ്പത്തി ഒൻപതര ശതമാനം പലിശയാണ് ഒരു ലക്ഷം രൂപ എടുത്തവരിൽനിന്നും വാങ്ങിക്കൊണ്ടിരിക്കുന്നത്. എന്നാൽ സഹകരണ സ്ഥാപനങ്ങളും ഈടാക്കുന്ന പലിശ, ഒരു ലക്ഷം രൂപയ്ക്ക്, 15 ശതമാനം മുതൽ 17 ശതമാനം വരെയാണ്. പക്ഷേ അവർക്ക് മുടക്കപ്പലിശയില്ല. ഈ രാജ്യത്ത് കേൾക്കാത്ത ഒരു പലിശയാണ് മുടക്ക പലിശ. അത് ഹൗസിംഗ് ബോർഡിന്റെ സ്വന്തമാണ്. ഈ ഹൗസിംഗ് ഫെഡറേഷൻ ചെയ്യുന്നത് എന്താണെന്ന് അറിയാമോ? മൂന്നു മാസം കൂടുമ്പോൾ കോംപൗണ്ട് ചെയ്തു കൂട്ടു പലിശയാക്കുകയാണ്. അങ്ങനെ വന്നാൽ മുടക്ക നോട്ടീസ് കൊടുക്കാതെ ബലം പ്രയോഗിച്ച് ഇറക്കി വിടാനും അവർ ശ്രമിക്കും. ഹൗസിംഗ് ബോർഡിന്റെ പലിശ 49 ശതമാനം മുതൽ 39 ശതമാനം വരെയാകുമ്പോൾ, ഹൗസിംഗ് ഫെഡറേഷന്റെ പലിശ 60 ശതമാനത്തിനും 70 ശതമാനത്തിനും ഇടയ്ക്കു വരികയാണ്. ഇങ്ങനെ കൊള്ളയടിക്കുന്നതു ശരിയാണോ? ഹൗസിംഗ് ബോർഡിൽനിന്നും കടമെടുത്ത് ജപ്തി നേരിടുന്ന ആറേകാൽ ലക്ഷം ആളുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതെവിടെ പോയി നിൽക്കും? ബഹുമാനപ്പെട്ട മാണി സാറിന് ഇക്കാര്യങ്ങളൊക്കെ അറിയാം. എന്നിലും രാഷ്ട്രീയം കാണുന്ന ഒരു സ്വഭാവക്കാരനാണ് അദ്ദേഹം. രാഷ്ട്രീയത്തിനതീതമായി ഇതിനെ കാണണം. പ്രത്യേകിച്ചും ഞാൻ പറഞ്ഞു എന്നുള്ള കാരണംകൊണ്ട് അദ്ദേഹത്തിനു കൂടുതൽ രാഷ്ട്രീയം വരാനുള്ള സാദ്ധ്യതയും ഞാൻ തള്ളിക്കളയുന്നില്ല. രാഷ്ട്രീയത്തിനതീതമായി ഈ പ്രശ്നങ്ങളെ നോക്കിക്കാണാനുള്ള ഒരു മനഃസാക്ഷി ഈ ഗവൺമെന്റ് പ്രകടിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ചാൽ കൊള്ളാമെന്നൊരു അഭിപ്രായം എനിക്കുണ്ട്. ഇതു നിഷേധിക്കാൻ സാദ്ധ്യത ഉള്ളതുകൊണ്ട് ഞാൻ തെളിവുകൾ കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. വേലായുധൻ, അദ്ദേഹം എടുത്ത വായ്പ തുക 59,117 രൂപ. പലിശ എത്രയാണെന്നറിയാമോ? 85,382 രൂപ. പിഴപ്പലിശ 7,593 രൂപ. മുടക്കപ്പലിശ 53,585 രൂപ. ഇപ്പോൾ അയാളെ ജപ്തിയിൽനിന്നും ഒഴിവാക്കണമെങ്കിൽ 2,05,678 രൂപ കൊടുക്കണം. അല്ലെങ്കിൽ അവരെ ഇറക്കി വിടുക മാത്രമല്ല അവർ പോയി ആത്മഹത്യ ചെയ്യേണ്ട ഗതികേടിലാണ്. ലോറിയുടെ പേരിൽ ശ്രീ. ബാലൻ, ഒരു ലക്ഷം രൂപയ്ക്കുള്ള വായ്പയ്ക്ക് അപേക്ഷിച്ചു. അയാൾക്ക് രജിസ്ട്രേഷൻ കഴിഞ്ഞു കിട്ടിയത് 82,000 രൂപ. ഇപ്പോൾ തിരിച്ചടയ്ക്കാൻ ഹൗസിംഗ് ബോർഡ് പറഞ്ഞിരിക്കുന്നത് 2,99,296 രൂപയാണ്. പലിശ 90,172 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

മുടക്കപ്പെലിശ 1,03,808 രൂപ. പിഴപ്പലിശ 15,582. തിരിച്ചടച്ച സംഖ്യ പറയുന്നില്ല. 82,000 രൂപ എടുത്തതിൽ 40,000 രൂപ തിരിച്ചടച്ചു. ബാലൻ എന്ന കോതമംഗലക്കാരൻ ഇപ്പോഴും രക്ഷപ്പെടണമെങ്കിൽ, അവന്റെ വസ്തുവിന്റെ ഈടു് തിരികെ കിട്ടണമെങ്കിൽ 2,99,296 രൂപ കൊടുക്കണം. അതുപോലെതന്നെ ശ്രീ. ബാലൻ കാരുമല—അയാളും ആകെ എടുത്തതു് ഒരു ലക്ഷം രൂപയാണു്. ഇപ്പോഴും അയാളും തിരിച്ചടയ്ക്കാനുള്ളതു് രണ്ടു് ലക്ഷത്തി ഇരുപത്തി നാലായിരത്തി അഞ്ഞൂറു രൂപ മുതൽ, ഒരു ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ്റി മുപ്പത്തിമൂന്നു രൂപ പലിശ, ഇരുപത്തിയാറായിരത്തി തൊള്ളായിരത്തി നാലു രൂപ പിഴപ്പലിശ. രണ്ടു ലക്ഷത്തി ആയിരത്തി എഴുന്നൂറ്റി എൺപത്തിനാലു് രൂപ മുടക്കപ്പെലിശ. അങ്ങനെ മൊത്തം അയാളും തിരിച്ചടയ്ക്കേണ്ട തുക ആറു ലക്ഷത്തി പതിനെണ്ണായിരത്തി ഇരുപത്തിമൂന്നു രൂപയാണു്. മന്ത്രി ഇതൊന്നും അറിഞ്ഞു കാണില്ല. ഉദ്യോഗസ്ഥൻമാർ ചെന്നു് പറയുകയില്ലല്ലോ. ഇന്നലെ ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോഴും അതിനു് ഒരു മന്ത്രി സഭയിൽ പറഞ്ഞ മറുപടി പച്ചക്കള്ളമാണു്. ഞാൻ ഈ സഭയിൽ ഉന്നയിച്ച ചോദ്യത്തിനു്, മന്ത്രി പറഞ്ഞ കാര്യം സത്യവിരുദ്ധമായി ഉദ്യോഗസ്ഥൻമാർ കൊടുത്ത താണെന്നു് അങ്ങു് എന്നോടു് സാക്ഷ്യപ്പെടുത്തിയതാണല്ലോ. അങ്ങേക്കു് ബോദ്ധ്യമുള്ളതല്ലേ? അതുപോലെ ഈ കാര്യത്തിൽ പലിശ പിടിച്ചു പറിച്ചുകൊണ്ടു് ജനങ്ങളെ ആത്മഹത്യയിലേക്കു് നയിക്കുകയാണെന്ന കാര്യം മന്ത്രി അറിയണ്ടേ? ഉദ്യോഗസ്ഥൻമാർ അതൊന്നും പറഞ്ഞു കൊടുക്കുകയില്ല. ഇവർ എല്ലാം ശരി ചെയ്തുകൊണ്ടിരിക്കുകയാണെന്നാണു് പറഞ്ഞുകൊടുക്കുന്നതു്. സത്യം ബോദ്ധ്യപ്പെടുത്താനാണു് ഞാൻ ഇതു് പറയുന്നതു്. ആത്മഹത്യയെന്നു പറയുമ്പോഴും അങ്ങു് നിഷേധിക്കും. ഇതാ മറ്റൊരു കേസു്. പ്രസന്ന പിൻതുടരുന്നതു് വായ്പയുടെ വേട്ടക്കണക്കുകളാണു്. ഭവന നിർമ്മാണ ബോർഡിൽനിന്നു് ശ്രീ. ആർ. കെ. രാജനു് ലക്ഷം രൂപ വായ്പയെടുക്കാൻ തോന്നിയ ദുർബുദ്ധിയെ മനസ്സുകൊണ്ടു് പഴിക്കുകയാണു് പ്രസന്ന. വീട്ടിലെ കതകിൽ ജപ്തി നോട്ടീസു് ഒട്ടിച്ചതിന്റെ ആഘാതം താങ്ങാനാകാതെ പ്രസന്നയേയും മൂന്നു് മക്കളേയും അനാഥരാക്കിക്കൊണ്ടു് രാജൻ വിഷം കഴിച്ചു് ജീവിതം അവസാനിപ്പിച്ചു. ഇതുപോലുള്ള എത്ര കേസുകളാണുള്ളതു്! ഈ പലിശയുടെ കണക്കു് അങ്ങു് മനസ്സിലാക്കണം. വെറും 85,000 രൂപ കൈയിൽ കൊടുത്തിട്ടു് 40,000 രൂപ അടച്ചു കഴിഞ്ഞതിനുശേഷം രണ്ടു ലക്ഷം രൂപ കൂടി നീ അടച്ചോയെന്നു പറയുന്ന മനസ്സാക്ഷിയില്ലാത്ത നടപടികളിലേക്കാണു് ഹൗസിംഗു് ബോർഡു് പോകുന്നതു്. ഇതു് ശരിയാണോ? ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു ഹൗസിംഗു് ബോർഡു് നൽകുന്ന വായ്പ ഒരു ലക്ഷം രൂപയ്ക്കു് മുകളിലാണെങ്കിൽ മുടക്കപ്പെലിശ ഉൾപ്പെടെ നാൽപ്പത്തിയൊന്നര ശതമാനം പലിശയാണു് ഈടാക്കുന്നതു്. ഒരു ലക്ഷം രൂപ എടുത്താൽ മുപ്പത്തിയൊൻപതര ശതമാനം പലിശ. ഇതു് മനസ്സാക്ഷിക്കു് നിരക്കുന്നതാണോ? ഇവിടത്തെ ഷെഡ്യൂൾഡു് ബാങ്കുകളും ഏഴര ശതമാനം പലിശയ്ക്കു് വായ്പ കൊടുക്കുകയാണു്. ഇപ്പോഴും എം.എൽ.എ.-മാർക്കു് ഒരു സ്കീമുണ്ടല്ലോ. ഞാൻ കാശെടുത്തതു് എന്റെ ജീവിതത്തിൽ പറ്റിയ ഏറ്റവും വലിയൊരു അബദ്ധമായിപ്പോയി. ഈ രാജ്യത്തെ ജനങ്ങളുടെ മുന്നിൽ ഞങ്ങളും അപമാനിതരായില്ലേ. എം.എൽ.എ.-മാർക്കു് മൂന്നു ലക്ഷം രൂപ വരെ വായ്പ കൊടുക്കും, പലിശ കുറവാണെന്നു പറഞ്ഞു. ഞാൻ ഇതൊന്നും നോക്കിയില്ല. പറഞ്ഞിടത്തെല്ലാം ഒപ്പിട്ടു കൊടുത്തു. അവസാനം 16 ലക്ഷം രൂപ ഞാൻ അടച്ചു. ഇവിടെയിരിക്കുന്ന എം.എൽ.എ.-മാർ ആരെങ്കിലും ഇങ്ങനെ കാശു് എടുത്തിട്ടുണ്ടെങ്കിൽ ഉടനെ കാശു് അടച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം. ഇല്ലെങ്കിൽ നിങ്ങളുടെ കൂടും കുടുക്കയുമെല്ലാം പോക്കാണ്. പിടിച്ചു പറിക്കുന്നതിന് ഒരു കണക്കു വേണ്ടേ? ഞാൻ കാശ് അടച്ചു തീർത്ത് എന്റെ വസ്തു ഏറെടുത്തു. എനിക്ക് കുഴപ്പമില്ല. പക്ഷെ പത്തും പതിനഞ്ചും സെന്റ് ഭൂമിയുള്ള ആളുകളെ ഹൗസിംഗ് ബോർഡും അതുപോലെത്തന്നെ ഹൗസിംഗ് ഫെഡറേഷനുംകൂടി, ഈ രാജ്യത്ത് ജീവിക്കാനുള്ള അവകാശം നിഷേധിക്കുകയാണ്. ഹൗസിംഗ് ഫെഡറേഷൻ അങ്ങയുടെ വകുപ്പല്ലെന്ന് അറിയാം, ഹൗസിംഗ് ഫെഡറേഷൻ മൂന്നു മാസം കൂടുമ്പോൾ കൂട്ടുപലിശ ഈടാക്കുകയാണ്. ജനങ്ങളെ കൊല്ലുകയാണ്. ഇവിടത്തെ ഷെഡ്യൂൾഡ് ബാങ്കുകൾ ഏഴര ശതമാനത്തിന് വായ്പ കൊടുക്കുമ്പോൾ നാൽപ്പത്തിയൊന്നര ശതമാനം പലിശ ഈടാക്കാൻ ആരാണ് ഹൗസിംഗ് ബോർഡിനെ അനുവദിച്ചിരിക്കുന്നത്? ഈ ഗവൺമെന്റിന്റെ കുഴപ്പമാണെന്ന് പറയുന്നില്ല. കാലാകാലങ്ങളിൽ ഹൗസിംഗ് ബോർഡ് തുടരുന്ന നയമാണ്. ഇതിനെതിരെ ശക്തമായ നടപടികളുണ്ടാകണം, ഇല്ലെങ്കിൽ ആത്മഹത്യ ചെയ്യുന്നവരെ മുഴുവൻ നിങ്ങളുടെ ഭവനത്തിൽ കൊണ്ടുവന്ന് ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുമെന്ന് ഞാൻ പറയുകയാണ്. അവിടെ വന്ന് തൂങ്ങിച്ചാകാൻ അനുവദിക്കൂ. എന്റെ മുറിയിൽ വന്ന് ആത്മഹത്യ ചെയ്യുമെന്ന് പാഞ്ഞ് വരുന്നവരെ നിങ്ങളുടെ ഭവനത്തിൽ കൊണ്ടുപോയി ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കും. അല്ലാതെ വീട്ടിലോ റോഡിലോ അവർ ആത്മഹത്യ ചെയ്യണ്ട. അതുകൊണ്ട് ഇതിനൊരു തീരുമാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, എനിക്ക് ബഹുമാനപ്പെട്ട ജോർജ്ജിനോട് പറയാനുള്ളത് ഈ ഗവൺമെന്റ് വന്നതിനുശേഷം വല്ല പലിശയും കൂട്ടിയിട്ടുണ്ടോ? ഇല്ല, ഈ ഗവൺമെന്റിന്റെ കുഴപ്പമാണോ? അല്ല. ശ്രീ. പി. സി. ജോർജിന്റെ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്തും ഇതുതന്നെയാണ് അവസ്ഥ. ഇപ്പോൾ അൽപ്പംകൂടി മെച്ചപ്പെട്ടുയെന്ന് മാത്രമേയുള്ളൂ. ഒരു നിയമമനുസരിച്ച് നമ്മൾ പലിശ ഈടാക്കുന്നു. വായ്പ എടുത്തതിനുശേഷം വായ്പ തിരിച്ചടയ്ക്കാൻ കാലതാമസം വരുത്തി കാലം നീളുന്തോറും പലിശയും കൂടിക്കൂടിവരും. അവസാനം നോക്കുമ്പോൾ മുതലും പലിശയുംകൂടി ഒരു വലിയ സംഖ്യ വരും. സത്യമാണ് പറയുന്നത്. മനുഷ്യനെ ഇത് തിരിച്ചടയ്ക്കാൻ വലിയ ബുദ്ധിമുട്ടുണ്ട്. ഇതൊരു വസ്തുതയാണ്. പക്ഷെ ഇത് ഈ ഗവൺമെന്റ് വരുത്തിവച്ചതാണോ? അല്ല. ശ്രീ. പി. സി. ജോർജ് ഇപ്പോൾ ചെയ്തിരിക്കുന്നത് എന്താണെന്നുവെച്ചാൽ ഇതെല്ലാം പ്രസംഗിച്ച് ഇതുമുഴുവൻ ഈ ഗവൺമെന്റിന്റെ കുഴപ്പംകൊണ്ടാണെന്ന് ഭംഗ്യന്തരേണ വരുത്തിത്തീർക്കുകയാണ്. ഹഡ്കോയാണ് സംസ്ഥാന ഗവൺമെന്റിന്, ഭവനനിർമ്മാണ ബോർഡിന് വായ്പ നൽകുന്നത്. ഹഡ്കോയുടെ ബേസിക് ഇൻററസ്റ്റ് വച്ചാണ് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും ഹഡ്കോ വായ്പ തന്നത്. ബേസിക് ഇതാണ്. അവിടെനിന്നും വായ്പ കിട്ടുന്നതിന് എന്താണ് ഗ്യാരണ്ടി കമ്മീഷൻ? ഗ്യാരണ്ടി കമ്മീഷൻ ഇപ്പോൾ 0.7 ശതമാനം. അതിനുശേഷം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ഒരു പുതിയ നടപടി കൊണ്ടുവന്നിട്ടുണ്ട്, വായ്പ കൊടുത്തിട്ട് ഇൻററസ്റ്റ് വാങ്ങുമ്പോൾ ആ കിട്ടുന്ന ഇൻററസ്റ്റിൻമേൽ അര ശതമാനം നികുതി സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്റിലുണ്ട്. അപ്പോൾ അര ശതമാനം നികുതികൂടി വേണം. അതുപോലെതന്നെ ബോർഡിന്റെ overhead charge ഒരു ശതമാനം മുതൽ രണ്ട് ശതമാനംവരെയാണ്. അപ്പോൾ കൃത്യമായി ഓർക്കണം നിങ്ങളുടെ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഗ്യാരണ്ടി കമ്മീഷൻ മുക്കാൽ ശതമാനം;

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് ശതമാനം സെൻട്രൽ ഗവൺമെന്റിന്റെ ഇൻറസ്റ്റ്; ഒരു ശതമാനം മുതൽ രണ്ട് ശതമാനംവരെ overhead charge; ഇതുരണ്ടുംകൂടി കൂട്ടുമ്പോൾ EWS-ന് രണ്ടേകാൽ ശതമാനവും MIG, HIG-ക്ക് മൂന്നേകാൽ ശതമാനവും വരും. അതിന്റെ അർത്ഥം ഹഡ്കോ തരുന്ന പലിശനിരക്കിനേക്കാൾ EWS-നാണെങ്കിൽ രണ്ടേകാൽ ശതമാനം കൂടുതൽ വാങ്ങുന്നു. മറ്റുള്ളവർക്കാണെങ്കിൽ മൂന്നേകാൽ ശതമാനം കൂടുതൽ വാങ്ങും. ഇങ്ങനെയാണ് നമ്മൾ വായ്പ കൊടുക്കുന്നത്. ഇതാണ് എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തും യു. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്തും സ്വീകരിച്ചിട്ടുള്ളത്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം ഹഡ്കോ അവരുടെ പലിശനിരക്ക് കുറയ്ക്കുകയാണെങ്കിൽ നമുക്കും കുറയ്ക്കാം. ഹഡ്കോ പലിശനിരക്ക് കുറയ്ക്കുന്നില്ലെങ്കിൽ ആ റേറുവച്ചേ നമുക്കും പോകാൻ പാറുകയുള്ളൂ. ഈ വായ്പ വാങ്ങുന്നവർ ഹഡ്കോയിലേക്ക് തിരിച്ചടയ്ക്കണം. ശ്രീ. പി. സി. ജോർജിന്റെ ഒന്നാമത്തെ സംശയം മായ്ച്ചുകളയുക. ഇത് ഈ ഗവൺമെന്റിന്റെ കുഴപ്പമല്ല. രണ്ടാമത്തെ കാര്യം ദുർബല വിഭാഗങ്ങൾക്കുവേണ്ടിയാണല്ലോ ശ്രീ. പി. സി. ജോർജ് ഇവിടെ വാദിച്ചത്. ദുർബല വിഭാഗങ്ങൾക്ക്, economically weaker section-ന് ഒരു പ്രത്യേക പാക്കേജ് ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. എട്ടര ശതമാനം പലിശ അവർക്ക് സബ്സിഡി കൊടുക്കുന്നു. അതിന്റെ അർത്ഥം എന്താണെന്ന് ചോദിച്ചാൽ ഹഡ്കോ തരുന്ന പതിമൂന്നര ശതമാനം പലിശയിൽ നിന്ന്, economically weaker section ആണെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ എട്ടര ശതമാനം പലിശ സബ്സിഡി കുറച്ചാൽ അവർക്ക് അഞ്ച് ശതമാനം പലിശയ്ക്ക് ഇന്ന് വായ്പ ലഭ്യമാകുന്നു. ഇത് ഈ ഗവൺമെന്റ് ചെയ്യുന്ന ഒരു വലിയ കാര്യമാണ്. നിലവിലുള്ള പലിശ ഉയർന്ന പലിശയാണെന്നും, പാവപ്പെട്ടവർക്ക് ഇത് bear ചെയ്യാൻ പാറുകയില്ലെന്നും മനസ്സിലാക്കിയിട്ട് എട്ടര ശതമാനം പലിശ സബ്സിഡി സഹായം കൊടുത്തുകൊണ്ട് അവരുടെ ഭാരം കുറയ്ക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ഇനി നമ്മൾ തമ്മിലുള്ള വ്യത്യാസമുണ്ട്. ഈ ഗവൺമെന്റ് ചെയ്തതെന്താണെന്ന് വെച്ചാൽ നിങ്ങൾ വരുത്തിവച്ച ഭാരങ്ങളെല്ലാം നിങ്ങൾ ഞങ്ങളുടെ തലയിൽ വച്ചിട്ട് പോയി. ഹഡ്കോയിൽ നിന്നുള്ള വായ്പയും നിർത്തി. ഹഡ്കോയ്ക്ക് കോടിക്കണക്കിന് രൂപ കൊടുക്കാനുണ്ടായിരുന്നു. നിങ്ങൾ എല്ലാം തിരിമറിചെയ്തു. Annuity deposit തിരിമറി ചെയ്തു, ഹഡ്കോയിൽ നിന്ന് കിട്ടിയതെല്ലാം നിങ്ങൾ തിരിമറി ചെയ്തു. 400, 500 കോടിയോളം രൂപ തിരിമറി ചെയ്ത് ഹഡ്കോ വായ്പയും നിർത്തിയിട്ടാണ് നിങ്ങൾ പോയത്. നമ്മൾ ഇത് ഏറ്റെടുത്തതിനുശേഷം, ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ടവർക്കുവേണ്ടി ഹഡ്കോയുമായി യുദ്ധം ചെയ്തുകൊണ്ട് പലിശ നിരക്ക് കുറച്ചു. 'ഹഡ്കോ നിവാസ്' എന്ന ഒരു ധനകാര്യ സ്ഥാപനമുണ്ട്. ആ ഹഡ്കോ നിവാസിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ എടുത്ത് ഹഡ്കോയിൽ നിന്നും ഉയർന്ന പലിശയ്ക്ക് എടുത്തിരുന്ന 410 കോടി രൂപ ഞങ്ങൾ തിരിച്ചടച്ചു. തിരിച്ചടച്ചപ്പോൾ കിട്ടിയ ലാഭം പാവപ്പെട്ടവർക്ക് വീതിച്ചു കൊടുത്തു. അപ്പോൾ ഒന്നര ശതമാനം മുതൽ നാലര ശതമാനം വരെ ഗുണഭോക്തൃതാക്കൾക്ക് കുറഞ്ഞുകിട്ടി. ഞങ്ങളാണ് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ പലിശനിരക്ക് കുറച്ചിച്ച് കൊടുത്തത്. അതുകൊണ്ട് ശ്രീ. ജോർജ് ഇങ്ങോട്ട് കൺഗ്രാജുലേറ്റ് ചെയ്യണം. ഇതൊക്കെ മറച്ചുവയ്ക്കാൻ പാടില്ല. അടുത്ത നിയമസഭാ സമ്മേളനം കൂടുമ്പോൾ ഇതിനേക്കാൾ പലിശ ഞങ്ങൾ കുറച്ചിക്കും. ഏഴര ശതമാനത്തിലും എട്ടര ശതമാനത്തിലും തരാൻ ഞങ്ങൾ ഹഡ്കോയോട് പറഞ്ഞിരിക്കുകയാണ്. ആ നിലയ്ക്ക് കുറയ്ക്കാൻ ഇപ്പോൾ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് വന്നതിനുശേഷം ഈ സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് ലഭിച്ചിരുന്ന പ്രയോജനത്തിന്റെ ഒരു കണക്ക് പറയാം. എൽ. ഡി. എഫ്. ഗവൺമെൻറിന്റെ കാലഘട്ടത്തിൽ എൽ. ഐ. ജി.-ക്ക് പതിനൊന്നര ശതമാനം മുതൽ പതിനഞ്ചര ശതമാനം വരെ ഉയർന്നു നിന്നിരുന്ന പലിശ ഈ ഗവൺമെൻറിന്റെ കാലഘട്ടത്തിൽ പത്ത് ശതമാനം മുതൽ പതിമൂന്നര ശതമാനം വരെയായി കുറച്ചു. എം. ഐ. ജി.-ക്ക് പന്ത്രണ്ടര ശതമാനം മുതൽ പതിനാറര ശതമാനം വരെ ഉയർന്നു നിന്നിരുന്ന പലിശ യു. ഡി. എഫ്.-ന്റെ കാലത്ത് പന്ത്രണ്ട് ശതമാനം മുതൽ പതിനാലര ശതമാനം വരെ കുറച്ചു. എച്ച്. ഐ. ജി.-യുടേത് പതിനാലര ശതമാനം മുതൽ പതിനേഴര ശതമാനം വരെ ഉണ്ടായിരുന്നത് ഇപ്പോൾ പന്ത്രണ്ടര ശതമാനം മുതൽ പതിനഞ്ചര ശതമാനം വരെ കുറച്ചു. അങ്ങനെയിരിക്കെ ഈ ശ്രദ്ധക്ഷണിക്കലുമായി വന്ന് ആത്മഹത്യ ചെയ്യുമെന്നൊക്കെ പറഞ്ഞ് പത്രത്തിൽ വരാൻവേണ്ടി അല്ലെങ്കിൽ പബ്ലിസിറ്റിക്കുവേണ്ടി ഇത് ഏറെടുത്തിരിക്കുന്നത് ക്രൂരമാണ് എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഒറ്റ കാര്യം മാത്രമേ എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളൂ. പാവപ്പെട്ടവർക്ക് ഇനിയും ബുദ്ധിമുട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. കഴിയുമെങ്കിൽ വായ്പ എടുക്കരുത്. ധനകാര്യ സ്ഥാപനങ്ങളുടെ പലിശ നിരക്ക് കുറച്ചു കൊണ്ടുവന്നാലേ നമുക്ക് പ്രയോജനം ഉണ്ടാകുകയുള്ളൂ. അല്ലെങ്കിൽ വായ്പ എടുക്കുന്നവൻ മുതലും പലിശയും കൊടുത്ത് അടയ്ക്കുക എന്ന് പറഞ്ഞാൽ വിഷമമുള്ള കാര്യമാണ്. പ്രത്യേകിച്ച് ദുർബ്ബല വിഭാഗങ്ങൾക്കാണെങ്കിൽ അവരുടെ ദുരവസ്ഥ പറയേണ്ടതില്ല. അതുകൊണ്ട് ഞാൻ അവരുടെ പ്രയാസങ്ങളിൽ ദുഃഖിക്കുന്നു. പക്ഷേ ഒരു ഗവൺമെൻറ് എന്നുള്ള നിലയിൽ ചട്ടങ്ങൾക്കും നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും ഉള്ളിൽനിന്നുകൊണ്ട് പാവപ്പെട്ടവർക്ക് ചെയ്യാവുന്നതിന്റെ പരമാവധി സഹായം ഈ ഗവൺമെൻറ് ചെയ്യുന്നുണ്ട്. അതിൽ ഞങ്ങൾക്ക് സംതൃപ്തിയുണ്ട് എന്ന് മാത്രമേ പറയാനുള്ളൂ.

ശ്രീ. പി. സി. ജോർജ്: ഇവിടെ 8 ശതമാനം പലിശ കുറച്ചു കൊടുത്തു എന്ന് അദ്ദേഹം പറഞ്ഞു. അതായത് പാവങ്ങളിൽ നിന്നും 32 ശതമാനം പലിശ പിടിച്ചുപറിക്കുന്നതിൽ നിന്നാണ് 8 ശതമാനം പലിശ കുറച്ച് കൊടുത്തത്. അതിന്റെ അർത്ഥം അവർ ഇനിയും 26 ശതമാനം പലിശ കൊടുക്കണം. ഞാൻ പറഞ്ഞതുപോലെ മുതൽ 1,34,467 രൂപയേയുള്ളൂ. പലിശയായിട്ട് 1,29,043 രൂപയാണ്. അതുപോലെ പിഴ പലിശ, 18,516 രൂപ. മുടക്ക പലിശ, 1,40,069 രൂപയാണ്. ഇത്ര മുടക്ക പലിശ ലോകത്തില്ലല്ലോ? അതുകൊണ്ട് ഈ മുടക്ക പലിശ ഒഴിവാക്കാൻ അങ്ങേക്ക് ഇത്ര മടിയെന്താണ്? ഹഡ്കോയുടെ കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ. ഹഡ്കോയിൽ മുടക്ക പലിശ കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടോ? അവിടെ നിന്നും എത്ര ശതമാനം പലിശയ്ക്കാണോ വാങ്ങിച്ചിരിക്കുന്നത് അതിന്റെ രണ്ടുമൂന്ന് ശതമാനം പലിശ കൂടുതൽ എടുത്താൽ വിരോധമില്ല. അതിനുള്ള സൻമനസ്സ് അങ്ങ് പ്രകടിപ്പിക്കുമോ? അത് ഒഴിവാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: എൽ. ഡി. എഫിന്റെ ഭരണകാലത്തും പിന്നീട് ഇൻറർസ്റ്റും ഡീഫാൾട്ട് ഇൻറർസ്റ്റും ഈടാക്കിയിട്ടുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുത്ത് ഹഡ്കോയിൽ തിരിച്ചടയ്ക്കുന്നതു കൊണ്ടാണ് ഡീഫാൾട്ട് ഇൻറർസ്റ്റ് വരുന്നത്. ഏതെങ്കിലും ഒരു വ്യക്തിയുടെ കാര്യം എടുത്തിട്ട് വാങ്ങിയത് ഇത്രയാണ്, കുറെ വർഷങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമ്പോഴും ഇത്ര പലിശ കൊടുക്കേണ്ടിവന്നു എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല. ഇതൊക്കെയാണെങ്കിലും വൺ ടൈം സെറ്റിൽമെന്റിലൂടെ ഹൗസിംഗ് ബോർഡ് പീനൽ ഇൻട്രസ്റ്റ് കുറച്ച് കൊടുക്കുന്നു. ഇ. ഡബ്ലിയു. എസ്..-ന് വൺ ടൈം സെറ്റിൽമെന്റിലൂടെ പീനൽ ഇൻട്രസ്റ്റും ഡീഫാക്ട് ഇൻട്രസ്റ്റും പരിപൂർണ്ണമായി കുറച്ച് കൊടുക്കുന്നു. എം. ഐ. ജി..-ക്കും എച്ച്. ഐ. ജി..- ക്കും ആണെങ്കിൽ ഡീഫാക്ട് ഇൻട്രസ്റ്റ് 70 ശതമാനം കുറച്ചുകൊടുക്കുന്നു. ഇതിലൂടെ 15,000-ത്തോളം ആളുകൾക്ക് പ്രയോജനം കിട്ടിയിട്ടുണ്ട്. പരമാവധി പലിശ പതിനഞ്ചര ശതമാനമാണ്. അതിന് വിപരീതമായിട്ട് പറയുന്നത് ശരിയല്ല. മുടക്കപ്പലിശ ഒ. ടി. എസ്..ൽ ഒഴിവാക്കിക്കൊടുക്കുന്നുണ്ട്, അതിന്റെ കാലാവധിയും ദീർഘിപ്പിച്ചിട്ടുണ്ട്.

(2) തിരുവനന്തപുരം നഗരത്തിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കൂടി റിപ്പോർട്ട് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം താലൂക്കിൽ എട്ട് വർഷങ്ങൾക്കുമുമ്പ് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ കീഴിലായിരുന്നു കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ 7 പഞ്ചായത്തുകളിലെ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിരുന്നത്. താൽക്കാലിക നിയമനങ്ങളിൽ തിരുവനന്തപുരം നഗരത്തിലുള്ള തൊഴിൽരഹിതർക്ക് തുല്യമായി അവർക്കും അവസരം കിട്ടിയിരുന്നു. തൊഴിൽരഹിതരുടെ സൗകര്യാർത്ഥം തിരുവനന്തപുരത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സിറ്റി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന് രണ്ടായി വിഭജിച്ചു. റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടത്താണ്. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ ഇപ്പോൾ എട്ട് പഞ്ചായത്തുകളാണുള്ളത്. അവിടെ താൽക്കാലിക നിയമനങ്ങൾ എട്ട് പഞ്ചായത്ത് അതിർത്തിയിൽ വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണ് കിട്ടുന്നത്. വളരെ തുച്ഛമായ അവസരമാണ് അവിടെയുള്ള ചെറുപ്പക്കാർക്ക് കിട്ടുന്നത്. എട്ട് വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം സിറ്റിയിലുള്ള ആഫീസുകളിലെ താൽക്കാലിക നിയമനം ഉൾപ്പെടെ കിട്ടിക്കൊണ്ടിരുന്ന അവസരം കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് ഇപ്പോൾ നഷ്ടപ്പെടുകയാണ്.

ആ പഞ്ചായത്തുകളിലുള്ള നിയമനങ്ങൾ മാത്രമേ ആ നിയോജകമണ്ഡലത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക്, ഇവിടെ രജിസ്റ്റർ ചെയ്തവർക്ക് കിട്ടുന്നുള്ളൂ. അതുകൊണ്ട് തിരുവനന്തപുരം താലൂക്കിൽ ഉണ്ടാകുന്ന നിയമനങ്ങളിൽ തിരുവനന്തപുരം നഗരത്തിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് കിട്ടുന്നതുപോലെ തന്നെ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരായ ചെറുപ്പക്കാർക്കും തുല്യ പ്രാതിനിധ്യം കിട്ടണം. ഒരേ സ്ഥലത്ത് രണ്ട് രീതിയിലുള്ള നടപടി ശരിയല്ല. തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ചില ഉദ്യോഗസ്ഥരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. സർക്കാർ ഇതറിഞ്ഞിട്ടില്ല. പക്ഷെ സർക്കാരിന് കൊടുക്കുന്ന വിവരങ്ങൾ ഇത് ശരിയായ രീതിയിൽ നടക്കുന്നു എന്നാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly